പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: **2511**

13.2.2013-ൽ മറുപടിക്ക്

## ഇ-പ്രൊക്യൂർമെൻറ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ വകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-പ്രൊക്യൂർമെൻറ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | **(എ)** വ്യവസായ വകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2012 ഓഗസ്റ്റ് മാസം ഒന്നാം തീയതി മുതൽ ഇ-പ്രൊക്യൂർമെൻറ് സംവിധാനം നടപ്പിലാക്കിവരുന്നു. |
| **(ബി)** പ്രസ്തുത സംവിധാനത്തിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;<br><br>**(സി)** പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇടപാടുകൾ കൂടുതൽ സുതാര്യമാക്കുവാനും കൈകാര്യം ചെയ്യുവാനും എന്തെല്ലാം കാര്യങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | **(ബി) & (സി)** പൊതുമേഖലാ വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ, ആവശ്യമായ മറ്റു സാധനങ്ങളും സേവനങ്ങളും സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ വാങ്ങുന്നതിനുവേണ്ടിയാണ് ഇ-പ്രൊക്യൂർമെൻറ് സംവിധാനം നടപ്പിലാക്കുന്നത്. പൊതുമേഖലാ വ്യവസായങ്ങളുടെ ഇടപാടുകൾ കൂടുതൽ സുതാര്യമാക്കുക, കൈകാര്യം ചെയ്യാൻ എളുപ്പമുള്ളതാക്കുക, വേഗത്തിൽ തീരുമാനമെടുക്കുക, ഉദ്യോഗസ്ഥർക്ക് കൂടുതൽ ഉത്തരവാദിത്വം, താരതമ്യേന പരാതിരഹിതം, വ്യവഹാരങ്ങൾ കുറയ്ക്കുക എന്നിവയാണ് ഈ സംവിധാനം വഴി ലക്ഷ്യമിടുന്നത്. ഈ സംവിധാനത്തിന് കീഴിൽ 24 മണിക്കൂറും, രാജ്യത്തിൻെറ ഏതു കോണിൽനിന്നും ഇതിൻെറ സേവനം ഉപയോഗപ്പെടുത്തുവാൻ സാധിക്കും എന്നതാണ് പ്രധാന സവിശേഷത. കൂടാതെ ടെണ്ടറിൻെറ നടപടിക്രമങ്ങളിൽ കൃത്യതയും ഓട്ടോമേഷനും ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. വിവരങ്ങൾ സുരക്ഷിതമായി കാലാകാലം സൂക്ഷിക്കുന്നതിനുള്ള സൗകര്യവും ലഭിക്കുന്നതാണ്. |

ടെണ്ടർ നടപടിക്രമങ്ങളുടെ രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കുന്നതിനുള്ള മികച്ച സംവിധാനമാണ് ഇതിലൂടെ സാധ്യമാകുന്നത്. ടെണ്ടറുമായി ബന്ധപ്പെട്ടവർക്ക് നടപടിക്രമങ്ങൾ അതാത് സമയത്ത് അറിയിക്കുന്നതിനുള്ള സംവിധാനവും ഇതിലൂടെ ലഭ്യമാണ്. ഇതിലൂടെ സാധാരണ ടെണ്ടർ നടപടിക്രമങ്ങളിലെ പേപ്പർ ജോലികളും തുടർന്നുണ്ടാവുന്ന ബുദ്ധിമുട്ടുകളും കുറയ്ക്കുവാൻ സാധിക്കുന്നു.

(ഡി) ഏതെല്ലാം ഏജൻസികളുടെ സാങ്കേതിക സഹകരണത്തോടുകൂടിയാണ് പ്രസ്തുത സംവിധാനം നടപ്പാക്കുന്നത്?

(ഡി) National Informatic Centre (NIC) - യുടെ ഇ-പ്രൊക്യൂർമെൻറ് പോർട്ടൽ ഉപയോഗിച്ച് അവരുടെ സാങ്കേതിക സഹകരണത്തോടും സംസ്ഥാന വിവരസാങ്കേതിക വകുപ്പിൻെറ സഹായത്തോടും കൂടിയാണ് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ